ക്ഷേത്രങ്ങളുടെ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് നടപടി

269(561) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേത്രങ്ങളുടെ കീഴിലുള്ള ഭൂമി അന്യാധീനപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷേത്രങ്ങളുടെ കീഴിലുള്ള ഭൂമി സർവ്വേ നടത്തി തിട്ടപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുപ്രകാരം സംസ്ഥാനത്ത് ഏതൊക്കെ ക്ഷേത്ര ഭൂമിയാണ് സർവ്വേ നടത്തി തിട്ടപ്പെടുത്തിയതെന്ന് പേർ സഹിതം വെളിപ്പെടുത്തുമോ;

(സി) അന്യാധീനപ്പെട്ട ക്ഷേത്ര ഭൂമി തിരിച്ചുപിടിക്കാൻ എന്തൊക്ക നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ക്ഷേത്രങ്ങളെ ദേവസ്വം ബോർഡിന്റെ പരിധിയിൽപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

270(562) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റിന്റെയും മലബാർ ദേവസ്വം ബോർഡിന്റെയും പരിധിയിൽപ്പെടുന്ന ക്ഷേത്രങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ക്ഷേത്രങ്ങളെ ദേവസ്വം ബോർഡിന്റെ പരിധിയിൽപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) മലബാറിലെ തലശ്ശേരി ശ്രീജഗന്നാഥക്ഷേത്രം, കോഴിക്കോട് ശ്രീകൺഠേശ്വര ക്ഷേത്രം, കണ്ണൂർ ശ്രീസുന്ദരേശ്വരക്ഷേത്രം എന്നീ ക്ഷേത്രങ്ങളെ മലബാർ ദേവസ്വം ബോർഡിന്റെ പരിധിയിൽനിന്ന് ഒഴിവാക്കാൻ നൽകിയ അപേക്ഷയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) നടപടി എപ്പോൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ താലൂക്ക് തിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്റ്റ്-1951-ന്റെ സെക്ഷൻ 6-ലെ ഉപവകുപ്പ് (15), (16), (17) എന്നിവയിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം ആരാധനയ്ക്കായി സമർപ്പിക്കപ്പെടുന്ന ക്ഷേത്രം, മഠം, പ്രത്യേക ദാന സ്വത്തുക്കൾ എന്നിവയിൽ അവകാശമെന്നോണം ആരാധന നടത്തുക, ഗുണഭോക്താവാകുക, പൊതു ആരാധനയ്ക്കുള്ള സ്ഥലമായി ഉപയോഗപ്പെടുത്തുക എന്നിവ നിർവ്വഹിക്കുകയും അത്തരമുള്ള സ്ഥാപനത്തിന്റെ നടത്തിപ്പ് പൊതുജനങ്ങളുടെ സംഭാവന, സമർപ്പണം എന്നീ ഇനങ്ങളിൽ നിന്ന് നിർവ്വഹിക്കപ്പെടുന്നതായി അന്വേഷണത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെടുമ്പോൾ മാത്രമാണ് ക്ഷേത്രങ്ങളും ധർമ്മസ്ഥാപനങ്ങളും ടി നിയമത്തിന്റെ പരിധിയിൽപ്പെടുന്നത്.

(സി&ഡി) അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

മലബാറിലെ ക്ഷേത്രം സ്ഥാനീയർക്കുള്ള സഹായ വിതരണം

271(563) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാറിലെ ക്ഷേത്രം സ്ഥാനീയർക്ക് സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക സഹായം എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2011 ജനുവരി മാസത്തിൽ വിതരണം ചെയ്യുന്നതിന് ഉദ്ദേശിച്ചുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

മലബാർ ദേവസ്വം ബോർഡിലെ നിയമനം

272(564) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ സർക്കാർ അനുവദിക്കുകയാണെങ്കിൽ ദേവസ്വം ബോർഡിലെ നിയമനങ്ങൾ ഏറ്റെടുക്കാമെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിൽ എത്ര സ്കൂളുകളുണ്ട്; പ്രസ്തുത സ്കൂളുകളിലേക്കുള്ള നിയമനങ്ങളുടെ നടപടിക്രമം വിശദമാക്കുമോ;

(സി) ഈ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ബോർഡ് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ഡി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള സ്കൂളുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly